## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5283 1/07/2014-ൽ മറുപടിക്ക്

# പെരുന്തേനരുവി ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പെരുന്തേനരുവി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (എ) എസ്കവേഷൻ ജോലികൾ 90% പൂർത്തിയായി. ഇലക്ട്രോ- മെക്കാനിക്കൽ ജോലികളുടെ സപ്ലൈയും പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ 23% പണികൾ പൂർത്തിയായി. |
| (ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നാണ് ആരംഭിച്ചത്; പണി പൂർത്തീകരിക്കാൻ അനുവദിച്ച കാലാവധി എന്നുവരെയാണ് വ്യക്തമാക്കുമോ; | (ബി) നിർമ്മാണ പ്രവർത്തനങ്ങൾ 02.03.2012-ൽ ആരംഭിച്ചു. കരാർ പ്രകാരം പദ്ധതി പൂർത്തിയാക്കേണ്ടിയിരുന്ന കാലാവധി 21.03.2014 ആയിരുന്നു. |
| (സി) പെരുന്തേനരുവി ജലവൈദ്യുത പദ്ധതിയിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് തീരുമാനം എന്ന് അറിയിക്കുമോ; | (സി) 6 മെഗാവാട്ട് |
| (ഡി) എത്ര ടർബൈനുകളാണ് ഇവിടെ സ്ഥാപിക്കുന്നത്; ഇവിടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതി എവിടെ വിതരണം ചെയ്യാനാണ് തീരുമാനം; | (ഡി) 3 മെഗാവാട്ട് ശേഷിയുള്ള രണ്ട് ടർബൈനുകളാണ് ഇവിടെ സ്ഥാപിക്കുന്നത്. ഇവിടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതി റാന്നി-പെരുനാട് 33 കെ.വി. സബ്സ്റ്റേഷനിലേയ്ക്കും, റാന്നി 110 കെ.വി. സബ്സ്റ്റേഷനിലേയ്ക്കും എത്തിച്ച് വിതരണം ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ഇ) പദ്ധതിയുടെ ഏതൊക്കെ പണികളാണ് പൂർത്തിയാക്കാനുള്ളത്; ഇവ പൂർത്തിയാക്കാൻ എന്തു കാലതാമസം വരുമെന്ന് അറിയിക്കുമോ; | (ഇ) പദ്ധതിയുടെ അണക്കെട്ട്, ചാനൽ, ഫോർബേ, പവർഹൗസ്, ടെയിൽറേസ് എന്നിവയുടെ കോൺക്രീറ്റ് ജോലികളും യന്ത്രസാമഗ്രികളുടെ ഘടിപ്പിക്കൽ ജോലികളും പൂർത്തിയാകേണ്ടതുണ്ട്. ഇവ 2015 ജൂൺ മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | | |
|---|---|---|
| (എഫ്) | പെരുന്തേനരുവി ജലവൈദ്യുത പദ്ധതിക്കായി ആകെ ചെലവഴിക്കുന്ന തുക എത്രയെന്ന അറിയിക്കുമോ; ഏതൊക്കെ കമ്പനികളാണ് കരാർ ഏറ്റെടുത്തിരിക്കുന്നത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എഫ്) പ്രസ്തുത പദ്ധതിയ്ക്കായി 67.90 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിന്റെ സിവിൽ ജോലി കൾ 34.83 കോടി രൂപയ്ക്ക് M/s. പൗലോസ് ജോർജ്ജ് കൺസ്ട്രക്ഷൻ കമ്പനിക്കും ഇലക്ട്രോമെക്കാനിക്കൽ ജോലികൾ 13.40 കോടി രൂപയ്ക്ക് M/s ഫ്ളോവൽ എനർജി പ്രൈവറ്റ് ലിമിറ്റഡിനുമാണ് കരാർ അടി സ്ഥാനത്തിൽ നൽകിയിരിക്കുന്നത്. |
| (ജി) | പെരുന്തേനരുവി പദ്ധതിയിൽ നിന്ന് വർഷത്തിൽ എത്ര മാസം വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ജി) വർഷത്തിൽ 7 മാസം പൂർണ്ണതോതിലും വേനൽ ക്കാലത്ത് കുടിവെള്ള പദ്ധതികളുടെ ആവശ്യം കഴിഞ്ഞ് വരുന്ന ജലലഭ്യത അനുസരിച്ച് ഭാഗികമായും വൈദ്യുതി ഉല്പാദനം ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ